ശുപാർശകൾ ഉദ്യോഗസ്ഥതല പരിഷ്ക്കാരം സംബന്ധിച്ച ഒൺപതാമത് റിപ്പോർട്ടിലെ ശുപാർഷകൾ സെക്രട്ടേറിയറ്റ് പരിഷ്കാരം സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ നവീകരണം സംബന്ധിച്ച പതിനഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകൾ എന്നിവ ഇനിയും നടപ്പാക്കാനുണ്ട്.

(ഡി) ഭരണ പരിഷ്ക്കാര നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഭരണ പരിഷ്ക്കാര കമ്മിറ്റി സമർപ്പിച്ച് ശുപാർശകൾ അംഗീകരിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച് ഉത്തരവുകൾ നടപ്പിലാക്കുന്നുണ്ടോയെന്ന് അവലോകനം ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുവാൻ എല്ലാ വകുപ്പ് സെക്രട്ടറിമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഭരണ പരിഷ്ക്കാര കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കുന്നുണ്ടോ എന്ന് അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായി ഒരുമോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മേൽ ശുപാർശകളിൻമേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർവാഹനങ്ങളിലെ ബോർഡുകൾ

4 (5661) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനങ്ങളിൽ 'കേരള സർക്കാർ' എന്ന ബോർഡിനു പകരം ബന്ധപ്പെട്ട വകുപ്പുകളുടെ ബോർഡുകൾ പ്രദർശിപ്പിക്കണമെന്ന നിർദ്ദേശം വകുപ്പുകൾക്ക് നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇക്കാര്യത്തിലുള്ള തുടർനടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(സി) സർക്കാർ തീരുമാനം ലംഘിച്ച് ഇപ്പോഴും ബോർഡ് പ്രദർശിപ്പിക്കുന്ന വകുപ്പുകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നത് അവസാനിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഇ) വയനാട് ജില്ലയിൽ നിന്നും സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നത് സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷം എത്ര കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട് ?

ഉത്തരം

(എ) 25-2-1994 തീയതിയിലുള്ള 5280/എം2/94/പി.ഡബ്ല്യു.&റ്റി നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. *

(ബി) സർക്കാർ വാഹനങ്ങളിൽ കേരള സർക്കാർ എന്ന ബോർഡ് പ്രദർശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പാലിക്കപ്പെടുന്നുണ്ടോ എന്നും സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനും വകുപ്പുതല ഉദ്യോഗസ്ഥർക്കെല്ലാം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സർക്കാർ തീരുമാനം ലംഘിച്ച് ബോർഡ് പ്രദർശിപ്പിക്കുന്നു എന്ന് ശ്രദ്ധയിൽപ്പെട്ട വാഹനങ്ങളിൽനിന്നും പ്രസ്തുത ബോർഡ് മാറ്റാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം നിയന്ത്രിക്കുന്നതിനായി നിലവിലുള്ള നിർദ്ദേശങ്ങൾ ശക്തമായി നടപ്പിലാക്കുന്നതിനായി 2008 ഓഗസ്റ്റ് രണ്ടിലെ 41/08/ധന. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതുകൂടാതെ ധനകാര്യ പരിശോധനാ വിഭാഗത്തിനും അതിന്റെ കീഴിലുള്ള ജില്ലാ പിരിശോധനാ വിഭാഗത്തിനും വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിലേയ്ക്കായി വേണ്ട നിർദ്ദേശങ്ങൾ 20-5-2010-ലെ ജി.ഒ. (പി) നം.293/10/ധന. പ്രകാരവും വീണ്ടും നിർദ്ദേശം നൽകി ഒരു പ്രത്യേക സംവിധാനമുണ്ടാക്കിയിട്ടുണ്ട്.

(ഇ) കഴിഞ്ഞ ഒരു വർഷം വയനാട് ജില്ലയിൽ വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച് 3 പരാതികൾ ലഭിച്ചിട്ടുണ്ട്. അതിൻമേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

സ്വകാര്യ ആവശ്യങ്ങൾക്കുപയോഗിക്കുന്ന സർക്കാർ വാഹനങ്ങൾ

5 (5662) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില വകുപ്പുമേധാവികൾ തന്റെ നിയന്ത്രണത്തിലുള്ള ഓഫീസുകളിലെ മൂന്നും നാലും വാഹനങ്ങൾ സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കാര്യം സർക്കാരിനറിവുണ്ടോ ;

(ബി) ഡെയ്‌ലി വേജ് ഡ്രൈവർമാരെ സ്വകാര്യ ആവശ്യങ്ങൾക്ക് ചുമതലപ്പെടുത്തുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം പ്രവണതകൾ തടയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സർക്കാർ വാഹനങ്ങൾ സ്വകാര്യ ആവശ്യങ്ങൾക്ക് ദുരുപയോഗം ചെയ്യാതിരിക്കാൻ 24-2-2003-ലെ ജി.ഒ. (എംഎസ്.) നമ്പർ 113/03/ഫിൻ.നമ്പർ ഉത്തരവ് പ്രകാരം വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly